ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ശ്രീ നജീബ് കണ്ടംപറമ്പൻ ,അസിസ്റ്റൻറ് പ്രൊഫസ്സർ,മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം ,സർക്കാർ എഞ്ചിനിയറിംഗ് കോളേജ്, കോഴിക്കോട് - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിൻറെ വെളിച്ചത്തിൽ ടിയാനെതിരെ കൈക്കൊണ്ട വകുപ്പ് തല അച്ചടക്ക നടപടികൾ അന്തിമമാക്കി - ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയതു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജീവനക്കാര്യം (ഇഎ ) വിഭാഗം**

**നം. EA4/21520/23/DTE** **തിരുവനന്തപുരം, തീയതി : 11-08-2024**

വായന :-

1. 10.04.2001 തീയതിയിലെ G.O(Rt) No.752/2001/H.Edn ഉത്തരവ്
2. 17.04.2006 ലെ G.O(Rt)No 710/06/H.Edn ഉത്തരവ്
3. 01.12.2012 തീയതിയിലെ GO(Rt)Nx. 656/2012/Fin ഉത്തരവ്
4. 10.12.2013 തീയതിയിലെ ഈ കാര്യലയത്തിൽ നിന്നുള്ള ഇഎ4/4048/13/ഡിടിഇ നമ്പർ നടപടിക്രമം
5. 22.03.2019 തീയതിയിലെ ഈ കാര്യലയത്തിൽ നിന്നുള്ള ഇഎ4/4048/13/ഡിടിഇ നമ്പർ നടപടിക്രമം
6. 11.03.2020 തീയതിയിലെ ഈ കാര്യലയത്തിൽ നിന്നുള്ള ഇഎ4/4048/13/ഡിടിഇ നമ്പർ നടപടിക്രമം
7. 05.11.2020 തീയതിയിലെ സ.ഉ(അച്ചടി) 152/2020/ധന നമ്പർ സർക്കാർ ഉത്തരവ്
8. 6. 30.12.2020 തീയതിയിലെ 83/2020/ധന നമ്പർ സർക്കാർ പരിപത്രം .
9. 14.09.2023 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ നടപടിക്രമം
10. 20.09.2023 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇ മെയിൽ സന്ദേശം
11. 10.10.2023തീയതിയിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും,കുറ്റാരോപണ പത്രികയും
12. കോഴിക്കോട് , സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പ്രിൻസിപ്പൽ ലഭ്യമാക്കിയ 01.11.2023 തീയ്യതിയിലെ E1/4196 /13/ജിസിഇകെ നമ്പർ കത്ത്
13. . 06.12.2023 തീയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
14. മാധ്യമം (AK),സുപ്രഭാതം ((AK) എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി 21.12.2023 തീയതിയിലെ റിലീസ് ഓർഡർ 3103/F2/2023/I&PRD
15. 22.12.2023 തീയതിയിലെ മാധ്യമം, സുപ്രഭാതം എന്നീ പത്രങ്ങൾ

## ഉത്തരവ്

ശ്രീ നജീബ് കണ്ടംപറമ്പൻ, എൻ കെ റോഡ്, തിരൂരങ്ങാടി, മലപ്പുറം, പിൻ 676306 എന്ന താങ്കൾ, സർക്കാർ എഞ്ചിനിയറിംഗ് കോളേജ്, കോഴിക്കോട് മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസ്സർ ആയി ജോലി നോക്കി വരവേ വായന (1) പ്രകാരം 11.04.2001 മുതൽ XIIA പ്രകാരം 5 വർഷത്തേക്ക് ശൂന്യ വേതന അവധിയിൽ പ്രവേശിക്കുകയും തുടർന്ന് വായന (2) പ്രകാരം പ്രസ്തുത അവധി 5 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുകയും, 01.06.2011 ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരിന്നു. തുടർന്ന് വായന (4) പ്രകാരം 01.04.2014 മുതൽ 5 വർഷത്തേക്ക് XIIA പ്രകാരം അനുവദിച്ച് ഉത്തരാവുകയും 31.03.2019 ന് പ്രസ്തുത അവധി കാലാവധി പൂർത്തിയായ മുറയക്ക് 1 വർഷത്തേക്ക് കൂടി XIIA ഭാഗം 1 കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ശൂന്യ വേതന അവധി വായന (5) പ്രകാരം ദീർഘിപ്പിക്കുകയും. തുടർന്ന് വായന (6) പ്രകാരം 01.04.2020 മുതൽ 31.05.2023 വരെ XIIA ഭാഗം 1 കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ശൂന്യ വേതന അവധി ദീർഘിപ്പിക്കിപ്പിച്ച് അനുവദിച്ചിരിന്നു. .എന്നാൽ ടി ശൂന്യവേതന അവധിക്ക് ശേഷം 01.06.2023 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികേ പ്രവേശിച്ചില്ല .

ടിയാൻ കോഴിക്കോട് സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ 1 വർഷത്തേക്ക് കൂടി ശ്യൂന്യ വേതന അവധി ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സ്ഥാപനത്തിൽ നിന്ന് നിരസിക്കുയും. വായന (8) സർക്കുലർ പ്രകാരം കെ എസ് ആർ അനുബന്ധം 1 XIIA പ്രകാരമുള്ള ശൂന്യ വേതന അവധി 05.11.2020 പ്രാബല്യത്തിൽ പരമാവധി 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസ്സർ ആയ ടിയാനെ വായന (9) പ്രകാരം വയനാട് സർക്കാർ എഞ്ചിനിറിംഗ് കോളേജിൽ ഉടൻ പ്രാബല്യത്തിൽ പുനർനിയമനം നൽകി ഉത്തരവാകുകയും, .ടി ഉത്തരവ് ടിയാന് രജിസ്റ്റേർഡ് തപാലിൽ അയച്ച് കൊടുക്കുകയും, ടിയാൻ കൈപ്പറ്റാതെ ടി കത്ത് വിലാസക്കാരൻ ഇന്ത്യ വിട്ടു എന്ന രീതിയിൽ . തിരികെ വരികയും ചെയതിരിന്നു. വായന (10) പ്രകാരം ടിയാന് ഇ മെയിൽ മുഖേനയും ടി ഉത്തരവ് നൽകിയിരിന്നു. .

തുടർന്ന് പരാമർശം (5) ലെ സർക്കാർ ഉത്തരവിലെയും പരാമർശം (6) സർക്കാർ പരിപത്രത്തിലേയും ഉത്തരവുകൾക്കും ,മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായി അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ടിയാനെതിരെ ഭാഗം I കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം-XIIA (Appendix XIIA ) യിലെ ചട്ടം 9 ൽ നിഷ്ക്കർഷിക്കും പ്രകാരം 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും ,നിയന്ത്രണവും ,അപ്പീലും)ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം കൈക്കൊണ്ട വകുപ്പ് തല അച്ചടക്ക നടപടിയുടെ ഭാഗമായി വായന (11) പ്രകാരം കുറ്റാരോപണ മെമ്മോയും,കുറ്റാരോപണ പത്രികയും നൽകിയിരിന്നു

തുടർന്ന് പരാമർശം (5) സർക്കാർ ഉത്തരവിലേയും, പരാമർശം (6) ലെ സർക്കാർ പരിപത്രത്തിലേയും ഉത്തരവുകൾക്കും, മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന ടിയാനെതിരെ ഭാഗം-I, കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം-XIIA (Appendix XIIA) യിലെ ചട്ടം 9 ൽ നിഷ്ക്കർഷിക്കും പ്രകാരം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം കൈകൊണ്ടിരുന്ന വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (11) ലെ കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും ടിയാൻറെ മേൽ വിലാസത്തിൽ സ്ഥാപന മേധാവി നല്കിയിരുന്നുവെങ്കിലും മേൽ വിലാസക്കാരൻ ഇൻഡ്യ വിട്ടു എന്ന് പുറത്തെഴുത്ത് സഹിതം കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ തിരിച്ചയച്ചതായി വായന (12) പ്രകാരം സ്ഥാപന മേധാവി

അറിയിച്ചിരുന്നു

ടിയാനെതിരെ കൈകൊണ്ടിരുന്ന അച്ചടക്ക നടപടികൾ വിശദമായി പരിശോധിക്കുകയും, തുടർന്ന് ടിയാൻറെ അനധികൃതമായ ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് ടിയാന് ലഭ്യമാക്കിയിരുന്ന കുറ്റാരോപണ മെമ്മോയ്ക്കും, കുറ്റാരോപണ പത്രികയ്ക്കും വിശദീകരണം ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ടിയാനെതിരെ കൈക്കൊണ്ട വകുപ്പുതല അച്ചടക്ക നടപടികളിൽ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് എന്തെങ്കിലും കാരണം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (13) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പത്ര മാധ്യമം വഴി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയതിനും ടിയാൻ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യാപന വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തി വിദ്യാർത്ഥികൾക്ക് അറിവും, മാതൃകാപരമായ പെരുമാറ്റശീലവും അഭ്യസിപ്പിക്കേണ്ട ചുമതലയുള്ള ടിയാൻറെ ഭാഗത്തു നിന്നും സംഭവിച്ചിട്ടുള്ള ഗുരുതരമായ പെരുമാറ്റ ദൂഷ്യവും അച്ചടക്ക ലംഘനവും ലഘൂകരിച്ച് കാണുവാനോ, ആയതിൽ ഒരുവിധത്തിലുമുള്ള ഇളവ് അനുവദിക്കുവാനോ കഴിയാത്തതിനാൽ ടിയാൻറെ ഭാഗത്തുനിന്നും സംഭവിച്ച ടി ഗുരുതരമായ ഔദ്യോഗിക കൃത്യവിലോപത്തിൻറ്റേയും, കൃത്യനിർവ്വഹണ വീഴ്ച്ചയുടേയും, പെരുമാറ്റ ദൂഷ്യത്തിൻറ്റേയും പശ്ചാത്തലത്തിൽ ടിയാനെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടികൾ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(12)(i) ലേയും, ചട്ടം 11(1)(vii) ലേയും വ്യവസ്ഥകളിൽ നിഷ്ക്കർഷിക്കും പ്രകാരം ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി തീരുമാനം കൈക്കൊണ്ടിരുന്നു .

മേൽവസ്തുതകളുടെ വെളിച്ചത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട്, സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റൻറ്റ് പ്രൊഫസർ തസ്തികയിൽ ജോലിനോക്കിയിരുന്ന ശ്രീ നജീബ് കണ്ടംപറമ്പൻ നെതിരെ പരാമർശം (11) പ്രകാരം കൈകൊണ്ടിരുന്ന വകുപ്പുതല അച്ചടക്ക നടപടികൾ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(12)(i) ലേയും, ചട്ടം 11(1)(vii) ലേയും വ്യവസ്ഥകളിൽ നിഷ്ക്കർഷിക്കും പ്രകാരം ഉടൻപ്രാബല്യത്തിൽ വരത്തക്കവിധം ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് വകുപ്പുതല അച്ചടക്ക നടപടികൾ തീർപ്പുകൽപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

SHALIJ P R

DIRECTOR

സ്വീകർത്താവ്,

1. ശ്രീ നജീബ് കണ്ടംപറമ്പൻ , എൻ കെ റോഡ്,തിരൂരങ്ങാടി,മലപ്പുറം,പിൻ 676306
2 പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,കോഴിക്കോട്
3 പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,വയനാട്
4. അക്കൌണ്ടൻറ് ജനറൽ (A&E), ബ്രാഞ്ച് ഓഫീസ്, നാഗമ്പടം, കോട്ടയം
5 സൂപ്രണ്ട്, ഇജി സെക്ഷൻ
6. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

Signed by Shalij P R
Date: 11-08-2024 22:42:07